"ഭരണഭാഷ മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം)
CIN : U40100KL2011SGC027424

രജി.ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695 004 കേരള

ടെലിഫോൺ നം.: +91 471 2514612, 2514437, 2514340 ഫാക്സ് : 0471 2514262
ഇ-മെയിൽ : sorkseb@kseb.in വെബ് സൈറ്റ്: www.kseb.in

## സംഗ്രഹം

M/s. കേരള സിറാമിക്സ് - വൈദ്യുതി കുടിശ്ശിക - റവന്യൂ റിക്കവറി നടപടികൾ നീട്ടി വയ്ക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

## കോർപ്പറേറ്റ് ഓഫീസ് [സ്പെഷ്യൽ ആഫീസർ (റവന്യൂ)]

ബി.ഒ. (എഫ്.റ്റി.ഡി) നം.335/2020 (എസ്.ഒ.ആർ/എ.എം.യു 7/എച്ച്.റ്റി.ബി.11/1104, 1105/2020-21)
തീയതി, തിരുവനന്തപുരം, 19.05.2020.

സൂചന:-
(1) ബി.ഒ. (എഫ്.റ്റി.ഡി) നം.851/2019 (എസ്.ഒ.ആർ/എച്ച്.റ്റി.ബി.11/1104, 1105/2019-20) തീയതി 22.11.2019.
(2) 10.03.2020-ാം തീയതി ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പ് മന്ത്രി ശ്രീമതി. മേഴ്സികുട്ടിയമ്മ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്.
(3) 10.03.2020-ന് ചെയർമാൻ, M/s. കേരള സിറാമിക്സ് ലിമിറ്റഡ് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്.
(4) നമ്പർ.എസ്.ഒ.ആർ/എച്ച്.റ്റി.ബി.7/കേരള സിറാമിക്സ്/2020-21 തീയതി 11.05.2020 -ആയി സ്പെഷ്യൽ ആഫീസർ (റവന്യൂ) കെ.എസ്.ഇ.ബി.എൽ ഫുൾ ടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട 28/5/2020).

## ഉത്തരവ്

M/s. കേരള സിറാമിക്സ് (ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം) കൊട്ടാരക്കര ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിലുള്ള എച്ച്.റ്റി.ബി.11/1104,11/1105 നമ്പരായുള്ള 2 ഹൈടെൻഷൻ ഉപഭോക്താക്കളാണ്. കൂടാതെ ടി. ഉപഭോക്താവിന്റെ പേരിലുണ്ടായിരുന്ന ഒരു ലോ ടെൻഷൻ കണക്ഷനാണ് 25/22/2235.

ഹൈടെൻഷൻ ഉപഭോക്താക്കളായ 11/1104,11/1105 എന്നിവ 4/1986 മുതൽ 2/2006 വരെയുള്ള കാലയളവിലും, ഭാഗീകമായ ചില മാസങ്ങളിലും, ലോ ടെൻഷൻ ഉപഭോക്താവായ 25/22/2235, 12/1990 മുതൽ 9/1995 വരെയുള്ള കാലയളവിലും വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശിക ഒടുക്കാത്തതിനെത്തുടർന്ന് മുതൽ തുക 8,79,80,094/- രൂപയും ആയതിന്റെ പലിശയും ഉൾപ്പെടെ 44,77,88,725/- രൂപ പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

മേൽ സൂചന (1) പ്രകാരം M/s. കേരള സിറാമിക്സിനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ 21.05.2020വരെ താൽക്കാലികമായി മരവിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ബോർഡ് ഇറക്കിയിട്ടുള്ളതാണ്. സൂചന (2), (3) പ്രകാരം M/s. കേരള സെറാമിക്സ് ബഹു. വൈദ്യുതി വകുപ്പ്

മന്ത്രിക്കും ബഹു. ഫിഷറീസ് & ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മന്ത്രിക്കും നൽകിയ അപേക്ഷകളിൽ പഴയകാല കുടിശ്ശിക തീർപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ M/s. കേരള സെറാമിക്സ് കമ്പനിക്ക് അനുവദിച്ച സമയപരിധി 2020 മേയ് 21 എന്നത് ആറ് മാസം കൂടി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

M/s. കേരള സെറാമിക്സ് കമ്പനിയുടെ അപേക്ഷ പരിഗണിച്ച് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി കെ.എസ്.ഇ.ബി.എൽ ചെയർമാൻ & മാനേജിങ് ഡയറക്ടർക്ക് M/s. കേരള സെറാമിക്സിന്റെ പ്രതിമാസ വൈദ്യുതിബിൽ കൃത്യമായി അടയ്ക്കുന്നത് ഉറപ്പ് വരുത്തി മേൽ കുടിശ്ശിക തീർപ്പാക്കുന്നതിന് കാലാവധി നീട്ടി നൽകാമോ എന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകി. വിഷയം മേൽ പരാമർശം (4) കുറിപ്പ് മുഖേന ഫുൾ ടൈം ഡയറക്ടർമാരുടെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുകയും 15.05.2020-ന് ചേർന്ന ഫുൾ ടൈം ഡയറക്ടർമാരുടെ യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനം എടുത്തു.

വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് M/s. കേരള സിറാമിക്സ് കമ്പനിയ്ക്ക് അനുവദിച്ച സമയപരിധി 2020 മേയ് 21 എന്നത് ആറ് മാസം കൂടി നീട്ടി നല്കാൻ അനുമതി നൽകി.

M/s. കേരള സിറാമിക്സ് കമ്പനിയ്ക്ക് എതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ അടുത്ത ആറ് മാസത്തേയ്ക്ക് കൂടി മരവിപ്പിയ്ക്കണമെന്ന് അറിയിച്ചുകൊണ്ട് കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകാനും അനുമതി നൽകി.

**ഫുൾ ടൈം ഡയറക്ടേഴ്സിന്റെ ആജ്ഞാനുസരണം**
**ഒപ്പ്**
**ലേഖ. ജി,**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്:-

സ്പെഷ്യൽ ഓഫീസർ (റവന്യൂ).

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ, കൊല്ലം – 691501.
2. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ.
3. ഫിനാൻസ് ഡയറക്ടറുടെ പി.എ.
4. ഡിസ്ട്രിബ്യൂഷൻ ഡയറക്ടറുടെ പി.എ.
5. ജനറേഷൻ ഡയറക്ടറുടെ പി.എ.
6. ട്രാൻസ്മിഷൻ ഡയറക്ടറുടെ പി.എ.
7. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ
8. ഫയൽ/ കരുതൽ ഫയൽ.ഉത്തരവിൻ പ്രകാരം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്